നം. എ2/1100/2019/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ.
തിരുവനന്തപുരം-23, തീയതി : 25/10/2019.
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

എല്ലാ വിദ്യാഭാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-പാഠപുസ്തക ഇൻഡന്റിംഗ് 2020-21 – സ്കൂളുകൾക്ക് ഇൻഡന്റ് രേഖപ്പെടുത്തുന്നതിനായി സൊസൈറ്റികൾ ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് നം. (സാധാ)/4038/2019/പൊ.വി.വ.(എം) തീയതി: 9.10.2019.
2. 22.10.2019 ലെ ഈ ആഫീസിലെ ഇതേ നമ്പർ കത്ത്.

ടി സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം UID നമ്പർ അനുസരിച്ചുള്ള വിദ്യാർത്ഥികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾ ഇൻഡന്റ് നൽകുവാൻ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള വിശദമായ സർക്കുലർ നൽകുവാനുള്ള പ്രാരംഭ നടപടികളാരംഭിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ Text Book Supply Monitoring System സോഫ്റ്റ്‌വെയറിൽ വേണ്ട ഭേദഗതി വരുത്തി അന്തിമപ്പെടുത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി താഴെപ്പറയുന്ന വിഷയങ്ങൾ KITE മായി ബന്ധപ്പെട്ട് ക്രമപ്പെടുത്തേണ്ടതുണ്ട്.

1. മുൻവർഷം സൊസൈറ്റി തെറ്റായി മാപ്പ് ചെയ്ത സ്കൂളുകൾ തിരുത്തൽ വരുത്തി ശരിയായ സൊസൈറ്റിയുടെ പേര് നൽകി ക്രമപ്പെടുത്തേണ്ടതാണ്.
2. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ സ്കൂൾ കോഡിൽ തിരുത്തൽ ആവശ്യമുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം ഈ ആഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.
3. ചില ജില്ലകളിലെ സ്കൂളുകൾ അവരുടെ നിലവിലുള്ള സൊസൈറ്റികൾ മാറ്റി സൗകര്യപ്രദമായ സൊസൈറ്റിയിലേയ്ക്ക് മാറ്റി നൽകണമെന്നഭ്യർത്ഥിച്ചിരുന്നു. അത്തരം സ്കൂളുകൾ അവർക്കാവശ്യമായ സൊസൈറ്റിയുടെ പേര് വ്യക്തമാക്കി നൽകേണ്ടതാണ്.

അതാത് സ്കൂളുകളിൽ നിന്നും ടി ഭേദഗതി വരുത്തേണ്ട അപേക്ഷകൾ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം ശേഖരിച്ച് ആയത് ക്രോഡീകരിച്ച് 30.10.2019 ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ടി എ.ഇ.ഒ./ഡി.ഇ.ഒ. ആഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് 31.10.2019 ന് ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)

**പാഠപുസ്തക ആഫീസർ**

പകർപ്പ് :- എക്സിക്യൂട്ടീവ് ഡയറക്ടർ,
KITE തിരുവനന്തപുരം. (for information)

BS1/